# നവയുഗം

| പുസ്തകം 9 | 1959 ആഗസ്റ്റ് 22 (1135 ചിങ്ങം 6) ശനിയാഴ്ച | ലക്കം 12 |
|---|---|---|


# ജാഗരൂകരാവുക!

കേരളത്തിലിപ്പോൾ നടന്ന 'വിമോചനസമര'ത്തിന്റെ യഥാർത്ഥമായ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും എന്തായിരുന്നുവെന്നും അതിന്റെ പിന്നിൽ പ്രവർത്തിച്ച യഥാർത്ഥ ശക്തികളേതൊക്കെയായിരുന്നുവെന്നും ഇപ്പോൾ കൂടുതൽ വ്യക്തമാവാൻ തുടങ്ങിയിട്ടുണ്ട്. പ്രത്യക്ഷത്തിൽ, കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ടിന്നും കമ്മ്യൂണിസ്റ്റ് പാർട്ടിക്കുമെതിരായ ഒരു സമരമെന്ന നിലയ്ക്കാണല്ലോ തുടങ്ങിയത്. കമ്മ്യൂണിസ്റ്റ് ഗവർമ്മെന്റിന്റെ പുരോഗമനപരമായ നയങ്ങൾകൊണ്ടും നിയമങ്ങൾകൊണ്ടും അതിനോടു മുതതോളം മുതലാളികൾക്കും ജന്മികൾക്കും മററു സ്ഥാപിതതാല്പര്യക്കാർക്കും തിരഞ്ഞെടുപ്പിൽ തോററ നാനാഭിന്നപ്പാർട്ടികളെയെല്ലാം കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ടിന്നെതിരായി യോജിപ്പിക്കാനും മതത്തിന്റെയും കമ്മ്യൂണിസ്റ്റ് വിരോധത്തിന്റെയും പേരിൽ ജനങ്ങളിലൊരു വിഭാഗത്തെ സമരത്തിലേക്കിറക്കിവിടാനും കഴിഞ്ഞു. കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഭരണം ഇന്ത്യയിലൊട്ടുക്കുമുള്ള കോൺഗ്രസ്സ് ഭരണത്തിന്നു തടയാനാവാത്ത ഒരു വലിയ ഭീഷണിയായിത്തീരുമെന്ന് മുൻകൂട്ടി കണ്ട അഖിലേന്ത്യാ കോൺഗ്രസ്സ് നേതാക്കന്മാരിലൊരു വിഭാഗം ആദ്യം മുതല്ക്കുതന്നെ, ഭരണഘടനാവിധേയമായി തിരഞ്ഞെടുക്കപ്പെട്ട ഗവർമ്മെണ്ടിന്നെതിരായ പ്രക്ഷോഭണങ്ങൾക്ക് പ്രോത്സാഹനവും പ്രചോദനവും നല്കിപ്പോന്നു. ജനങ്ങളുടെ തിരഞ്ഞെടുപ്പുവിധിയെ മാനിക്കാനും ക്ഷേമനിർമ്മാണപ്രവർത്തനങ്ങളിലെങ്കിലും ഗവർമ്മെണ്ടുമായി സഹകരിക്കുവാനും തന്റെ അനുയായികളോടാവശ്യപ്പെടുന്നതിന്നുപകരം പിന്തിരിപ്പൻ സ്ഥാപിതതാല്പര്യക്കാരുടെ ജനദ്രോഹപ്രവർത്തനങ്ങളെ 'ബഹുജനമുന്നേററ'മായി ചിത്രീകരിക്കാനും ഒടുവിൽ അവരുടെ ആവശ്യങ്ങൾക്ക് വഴങ്ങിക്കൊടുത്തുകൊണ്ട് ജനായത്തത്തെത്തന്നെ പിച്ചിച്ചീന്താനുമാണ് പ്രധാനമന്ത്രി നെഹ്റു മുതിർന്നത്—ഇത്രയും കാര്യങ്ങൾ ഇതിന്നകംതന്നെ വ്യക്തമായിക്കഴിഞ്ഞിട്ടുള്ളതാണ്.

എന്നാൽ, കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ടിന്നെതിരായ 'വിമോചനസമര'ത്തിൽ വിദേശീയസാമ്രാജ്യവാദികൾക്ക് എത്രത്തോളം പങ്കുണ്ടായിരുന്നുവെന്ന് ഇപ്പോൾ മാത്രമാണ് വ്യക്തമാവാൻ തുടങ്ങിയിട്ടുള്ളത്; ഇപ്പോൾ മാത്രമാണ് അവർ വിമോചനക്കാർക്ക് പ്രത്യക്ഷമായും പരോക്ഷമായും നല്കിയ സഹായങ്ങൾ എത്ര വമ്പിച്ചതായിരുന്നു എന്ന് വെളിപ്പെടാൻ തുടങ്ങിയിട്ടുള്ളത്.

സമരം നടത്താൻ 'വിമോചനസമരസമിതി' മാത്രം അഞ്ചു ലക്ഷത്തിലധികം ഉറുപ്പിക ചെലവാക്കിയെന്നും വളണ്ടിയർമാരുടെ ഭക്ഷണം, യാത്രപ്പടി മുതലായവയ്ക്കുവേണ്ടിയാണ് ഇത്രയും സംഖ്യ ചിലവായതു് എന്നും 'സമിതി'യുടെ നേതാവായ ശ്രീ. മന്നത്ത് പത്മനാഭൻതന്നെ ഇയ്യിടെ കോട്ടയത്തുവെച്ചു ചെയ്ത ഒരു പ്രസ്താവനയിൽ തുറന്നു സമ്മതിച്ചിരിക്കുന്നു. കോൺഗ്രസ്സ്, പി. എസ്. പി., ആർ. എസ്. പി., മുസ്ലീംലീഗ് എന്നീ പാർട്ടികൾ ചെലവിട്ട തുകകൾ ഇതിലുൾപ്പെട്ടിട്ടില്ല. സമരത്തിൽ പങ്കെടുത്തു ജയിലിൽ പോയവർ ഒട്ടാകെ പതിനായിരത്തിൽ താഴെയാണ്. ഗവർമ്മെണ്ടാപ്പീസുകളുടെ മുമ്പിൽ പിക്കററിങ്ങും മററും നടത്തിയപ്പോൾ പോലീസ് അറസ്റ്റു ചെയ്യുന്നവരെക്കൂടി ഉൾപ്പെടുത്തിയാൽ, 'വിമോചനസമര'നേതാക്കന്മാരുടെ കണക്കുപ്രകാരംതന്നെ, സമരത്തിൽ പങ്കെടുത്തവർ ഒക്കെ ഒരു ലക്ഷത്തിൽ താഴെയുള്ളൂ. അവരിൽ പകുതി 'വിമോചനസമരസമിതി'യുടെ വളണ്ടിയർമാരായിരുന്നു എന്നു സമ്മതിച്ചാൽത്തന്നെയും ശ്രീ. മന്നത്ത് പത്മനാഭന്റെ കണക്കുപ്രകാരം ഓരോ വളണ്ടിയർക്കും വേണ്ടി ശരി ആറുറുപ്പികയിലധികം ചെലവിട്ടിട്ടുണ്ട്. ഇത്രയും വമ്പിച്ച തുകകൾ എവിടെനിന്നാണ് വിമോചനസമരസമിതിക്ക് കിട്ടിയതു് എന്ന ചോദ്യം സ്വാഭാവികമായും ഉത്ഭവിക്കുന്നു.

25,000ക. ബോംബെയിൽനിന്നും ബാക്കിയുള്ള 49,75,000ക. കേരളത്തിൽനിന്നുമാണ് പിരിച്ചതു എന്ന് ശ്രീ. മന്നത്തു പത്മനാഭൻ പറയുന്നു. നാല്പത്തിയൊമ്പതു ലക്ഷത്തി എഴുപത്തയ്യായിരം ഉറുപ്പിക കേരളത്തിലെ പാവപ്പെട്ട തൊഴിലാളികളിൽനിന്നും കൃഷിക്കാരിൽനിന്നുമാണ് പിരിച്ചെടുത്തതു എന്ന് അദ്ദേഹം പോലും പറയുമെന്നു തോന്നുന്നില്ല. പിന്നെ മുതലാളികളിൽനിന്നും ജന്മികളിൽനിന്നുമായിരിയ്ക്കുമോ? അവരിൽനിന്നു കുറച്ചു കിട്ടിയിട്ടുണ്ടാവാം, പക്ഷെ, കേരളത്തിലെ ജന്മികളും മുതലാളികളും രണ്ടു മാസത്തിന്നുള്ളിൽ ഇത്ര വലിയൊരു സംഖ്യ മുഴുവനും സംഭാവന നല്കി എന്നു വിശ്വസിയ്ക്കാൻ കേരളത്തെപ്പററി അല്പമെങ്കിലും അറിയുന്നവരാരും തയ്യാറാവുകയില്ല.

അപ്പോൾ, സമരം നടത്താൻ വിമോചനസമരസമിതിയ്ക്ക് പണം കിട്ടിയതെവിടെ നിന്നാണ്?

"വിമോചനസമര"ത്തിന്നുവേണ്ടി ചെലവിട്ട പണത്തിന്റെ പ്രധാനമായ ഭാഗം വിദേശങ്ങളിൽനിന്നു വന്നതാണ് എന്ന ആരോപണങ്ങൾ ഉണ്ടായിക്കഴിഞ്ഞിരിയ്ക്കുന്നു. കമ്യൂണിസ്റ്റ് നേതാവായ സഖാവ് പി. രാമമൂർത്തി മാത്രമല്ല കോൺഗ്രസ്സുകാർ തന്നെയും ഇത്തരം ആരോപണങ്ങൾ ഉന്നയിച്ചിരിക്കുന്നു. കോൺഗ്രസ്സ് പാർലിമെണ്ടറി യോഗത്തിൽ ശ്രീ. ഫിറോസ് ഗാന്ധി ഉന്നയിച്ച ആരോപണം എളുപ്പത്തിൽ നിഷേധിയ്ക്കപ്പെടാവുന്നതല്ല.

ഈ ആരോപണങ്ങൾ തെററോ ശരിയോ ആവാം. തെററാണെങ്കിൽ ഏററവും അപമാനകരമായ ഒരാരോപണമാണ് അവരുന്നയിച്ചതു എന്ന സമ്മതിയ്ക്കേണ്ടിവരും. പക്ഷെ, ശരിയാണെങ്കിലോ, വിമോചനസമരനേതാക്കന്മാർ ഏററവും ഹീനമായ ഒരു രാജ്യദ്രോഹമാണ് ചെയ്തതു എന്നു തെളിയും. എന്തെന്നാൽ, സ്വന്തം രാജ്യത്തിലെ ജനായത്തപ്രകാരമായി തിരഞ്ഞെടുക്കപ്പെട്ട ഒരു ഗവർമ്മെണ്ടിന്നെതിരായി വിദേശീയ സാമ്രാജ്യവാദികളുടെ കുത്തിത്തിരിപ്പുകളെ ആശ്രയിയ്ക്കുക എന്നതിനേക്കാൾ വലിയൊരു പാതകം വേറെയുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ട്, ഗൗരവമായ ഈ ആരോപണത്തെപ്പററി അടിയന്തരമായിത്തന്നെ ഒരന്വേഷണം നടത്തേണ്ടതു കേന്ദ്രഗവർമ്മെണ്ടിന്റെ ഒഴിച്ചുകൂടാൻ പാടില്ലാത്ത കടമയാണെന്ന് ഞങ്ങൾ കരുതുന്നു.

വെറും ആരോപണത്തിന്നുവേണ്ടിയുള്ള ആരോപണമല്ല, തെളിവുകളെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരാരോപണമാണിതെന്നു തോന്നുന്നതുകൊണ്ടാണ് അന്വേഷണം ആവശ്യമാണെന്ന് ഞങ്ങൾ പറയുന്നത്. 1959 ജനവരി 1-ാം-നും ഏപ്രിൽ 30-ാം-നുമിടയിൽ മാത്രം ഇന്ത്യയിലെ 'ക്രിസ്ത്യൻ മിഷ്യനറി'മാർക്ക് വിദേശങ്ങളിൽ നിന്ന് ഒട്ടാകെ മൂന്നരക്കോടി എഴുപതു ലക്ഷം ഉറുപ്പിക വിദേശങ്ങളിൽ നിന്നു ലഭിച്ചിട്ടുണ്ടെന്നും അതിൽ രണ്ടരക്കോടിയിലധികം ഉറുപ്പിക അമേരിക്കയിൽ നിന്നാണ് വന്നിട്ടുള്ളതു എന്നും സഖാവ് എ. കെ. ഗോപാലന്റെ ഒരു ചോദ്യത്തിന്ന് മറുപടിയായി ആഭ്യന്തരകാര്യമന്ത്രി ശ്രീ. പന്ത് പാർലിമെണ്ടിൽ പ്ര



...ണ്യക ഒരു ഭാഗം ...യിട്ടുള്ള കത്തോലിക്കാപ്പള്ളികൾക്ക് ...ച്ചിട്ടുണ്ടാവുമെന്നതു തീർച്ചയാണ്. അതെത്രയാണെന്നും ഏതെല്ലാം പേരിലാണ് അതു വന്നിട്ടുള്ള തെന്നും റിസർവ്വ്ബാങ്കുകാരോടു ചോദിച്ചാൽ മനസ്സിലാക്കാവുന്നതേയുള്ളു.

കൂടുതൽ ശ്രദ്ധേയമായ കാര്യം, ഈ ഏപ്രിൽ വരെയുള്ള കണക്കുകൾ മാത്രമാണെന്നുള്ളതാണ്. അതിന്ന് ശേഷമുള്ള മാസങ്ങളിൽ കൂടുതൽ വലിയ തുകകൾ വന്നിട്ടുണ്ടാവുമെന്നനുമാനിയ്ക്കുന്നതിൽ യാതൊരു തെററുമില്ല. എന്തെന്നാൽ ഏപ്രിൽ മാസത്തിന്ന് ശേഷമാണ് 'വിമോചനസമരം' ഊർജ്ജിതമായിത്തീർന്നതു. കെട്ടിടത്തിന്നു നീക്കിവെച്ച പണം 'വിമോചന'വളണ്ടിയർമാർക്ക് വേണ്ടി ചെലവിട്ടു കഴിഞ്ഞതിനാൽ കൂടുതൽ പണമയച്ചുതരണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരളത്തിലെ ചില കത്തോലിക്കാപ്പള്ളി നേതാക്കന്മാർ അമേരിക്കയിലേയ്ക്കയച്ച ഏതാനും കത്തുകളുടെ ഫോട്ടോസ്റ്റാറ്റുകോപ്പികൾ പത്രങ്ങളിൽ പ്രസിദ്ധം ചെയ്യപ്പെട്ടതും അതിന്നുശേഷമാണല്ലോ. അതു കൊണ്ട് നാലുമാസത്തെ കണക്കു വെളിപ്പെടുത്തിയതുകൊണ്ടായില്ല. അന്ത ഏതാനും വർഷങ്ങളിലായി, പ്രത്യേകിച്ചും ഏപ്രിൽ മാസത്തിന്നുശേഷം കേരളത്തിലെ കത്തോലിക്കാപ്പള്ളിനേതാക്കന്മാർക്ക് എത്ര പണം വിദേശങ്ങളിൽ നിന്നു ലഭിച്ചിട്ടുണ്ടെന്നുള്ളതിന്റെ ശരിയായ കണക്കുകൾ അറിയാൻ നാട്ടുകാർക്കവകാശമുണ്ട്. അതു കൊണ്ടാണ് വിശദമായ ഒരന്വേഷണക്കമ്മിററിയെ നിയമിച്ച് ഇക്കാര്യം പരിശോധിയ്ക്കണമെന്നും അന്വേഷണഫലങ്ങൾ നാട്ടുകാരെ അറിയിയ്ക്കണമെന്നും ഞങ്ങളാവശ്യപ്പെടുന്നതു.

വിദേശങ്ങളിൽ നിന്ന് 'വിമോചനസമര'നേതാക്കന്മാർക്ക് പണം കിട്ടി എന്നതിലല്ല ഞങ്ങളുടെ എതിർപ്പ്. ആ പണം കമ്യൂണിസ്റ്റ് ഗവണ്മെണ്ടിന്നെതിരായ അട്ടിമറി പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിയ്ക്കപ്പെട്ടു എന്നതിൽപ്പോലുമല്ല. അതിലും പ്രധാനമായ ഒരു ലക്ഷ്യമാണ് ഇങ്ങിനെ പണം വാരിക്കോരി ചെലവിടുന്ന അമേരിക്കൻ സാമ്രാജ്യവാദികൾക്കുള്ളതു എന്ന് അവരുടെ പത്രങ്ങൾ ശ്രദ്ധിച്ചു വായിക്കുന്നവർക്ക് മനസ്സിലാക്കാൻ സാധിയ്ക്കും. പ്രധാനമന്ത്രി നെഹറു തന്നെ കമ്യൂണിസ്റ്റുകാരുടെ ഒരു ബന്ധുവാണെന്നും അതുകൊണ്ട് ഇന്ത്യയുടെ ഇന്നത്തെ വിദേശനയത്തിലും ആഭ്യന്തരനയത്തിലും ആമൂലാഗ്രമായ മാററങ്ങൾ വരുത്ത


കമ്പി: അമൃതം    P. B. 82    ഫോൺ: 2208

**നല്ല ആയുർവ്വേദ ചികിത്സകൾക്കും, മരുന്നുകൾക്കും**

**പ്രസിദ്ധമായ**

**ദി ആര്യവൈദ്യഫാർമസി (CBE) ലിമിററഡ്**

**H. O. കോയമ്പത്തൂർ**

**ഞങ്ങളുടെ സാക്ഷാൽ ആർദ്രകാസവം:—**

കാസശ്വാസം, അരുചി, ശോഫം, അജീർണ്ണം ഇവക്ക് ഏററവും കൈകണ്ടതു.

ബ്രാഞ്ചുകൾ:— എറണാകുളം (ഫോൺ 494), മദിരാശി (85752), കോഴിക്കോട്ട് (984), കണ്ണൂർ (92), പൊന്നാനി (41), പാലക്കാട്ട് (195), ആലത്തൂർ, കോയമ്പത്തൂർ, കഞ്ചിക്കോട്ട്.

പഞ്ചകർമ്മചികിത്സകളും, മറെറല്ലാ ചികിത്സകളും ഹെഡ്ഡാഫീസിലും എറണാകുളം, പൊന്നാനി ബ്രാഞ്ചുകളിലുമുള്ള ചികിത്സാലയങ്ങളിൽവെച്ചും നടത്തുന്നതാണ്.

**ആര്യവൈദ്യൻ പി. വി. രാമവാരിയർ**

പ്രധാനവൈദ്യൻ & മാനേജിങ്ങ് ഏജൻറ്.

ണമെന്നും [...]
പോന്നിട്ടുണ്ട്. '[...]മരം സ്വാതന്ത്ര്യസമരമാക്കി[...]യതിന്നശേഷം വിമോചനസമരനേതാക്കന്മാരുടെ ചില പത്രങ്ങൾ പരസ്യമായിത്തന്നെ അമേരിക്കൻ സാമ്രാജ്യവാദികളുടെ വാദങ്ങൾ ആവർത്തിക്കാൻ തുടങ്ങിയിട്ടുള്ളതു് അർത്ഥഗർഭമാണ്. ഉദാഹരണത്തിന്ന് "നെഹ്റു ഇന്ത്യയുടെ കൈക്കോട്ടോ?" എന്ന തലക്കെട്ടിൽ ആഗസ്റ്റ് പതിനഞ്ചാം തീയതിയിലത്തെ "ദീപിക" പ്രസിദ്ധീകരിച്ച ലേഖനം ഒന്നുവായിച്ചുനോക്കുക. നെഹ്റുവിന്ന് ഒരു വ്യക്തമായ ജീവിതവീക്ഷണമില്ലെന്നും നെഹ്റുവിന്റെ വിദേശനയംകൊണ്ട് ഭാരതത്തിന്ന് ഗുണത്തെക്കാളേറെ ദോഷമുണ്ടായിട്ടുണ്ടെന്നും 'കമ്മ്യൂണിസ്റ്റ്'കാരുടെ പഞ്ചശീലപ്രഖ്യാപനങ്ങളിൽ വിശ്വസിക്കുന്നതു തെറ്റാണെന്നും സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ നേരെ കൈക്കൊള്ളുന്ന 'പ്രീണനനയം' അപകടകരമാണെന്നും മുതലാളിത്ത രാജ്യങ്ങളുമായുള്ള ബന്ധങ്ങൾ കൂടുതലുറപ്പിക്കുകയാണാവശ്യമെന്നും പഞ്ചവത്സരപദ്ധതിയുടെ ലക്ഷ്യങ്ങൾ കമ്മ്യൂണിസത്തെ അനുകരിച്ചുകൊണ്ടുള്ളതാണെന്നും വി. കെ. കൃഷ്ണമേനോൻ, മഹലനോബിസ് എന്നിങ്ങിനെ കേന്ദ്രഗവണ്മെണ്ടിലും പഞ്ചവത്സരപദ്ധതിയുടെ നിർവാഹികൾക്കിടയിലുമുള്ള ചില നേതാക്കന്മാരും ഉദ്യോഗസ്ഥന്മാരും കമ്മ്യൂണിസ്റ്റനുഭാവികളാണെന്നും കമ്മ്യൂണിസ്റ്റ് പാർട്ടിയെ ജനാധിപത്യപ്രകാരം നിലനില്ക്കാൻ അനുവദിക്കുന്നതു തെറ്റാണെന്നും മറ്റുമാണ് പച്ചയായ ഭാഷയിൽ പ്രസ്തുത ലേഖനത്തിൽ പറഞ്ഞിരിക്കുന്നതു്. കമ്മ്യൂണിസ്റ്റുകാർക്കനുകൂലമായ ഇന്നത്തെ ഭരണഘടനയെത്തന്നെയും മാറ്റണമെന്ന് അതിലാവശ്യപ്പെട്ടിരിക്കുന്നു. ലേഖനം ഇങ്ങനെ പറയുന്നു:

"കലർപ്പില്ലാത്ത ആദർശമോ ഏതു വിലകൊടുത്തും നിലനിർത്തേണ്ട ആത്യന്തികമായ ഒരു ലക്ഷ്യമോ ആയി അതിനെ (ജനാധിപത്യത്തെ) പരിഗണിക്കുന്നതു് അപകടകരമായിരിക്കും. ജനത നശിച്ചാലും ജനകീയം നിലനിർത്തണമെന്നാരെങ്കിലും പറയുമെന്ന തോന്നുന്നില്ല. കാരണം, ജനതയുടെ നിലനിൽപിനും ക്ഷേമത്തിനും വേണ്ടിയുള്ളതാണ് ജനാധിപത്യം. ഒരു പ്രത്യേക സാഹചര്യത്തിൽ ജനകീയഭരണം ഒരു ജനതക്കു ക്ഷേമത്തെക്കാൾ ക്ഷീണമാണ് കൈവരുത്തുന്നതെങ്കിൽ മറ്റൊരു ഭരണസമ്പ്രദായമോ ജനകീയഭരണത്തിന്റെ ഭേദഗതി ചെയ്ത ഒരു രൂപമോ അവിടെ സ്വീകരിച്ചുകൂടെന്ന് ഒരു വെളിപാടിലും നിർദ്ദേശിച്ചിട്ടില്ല."

'വിമോചനസമര'നേതാക്കന്മാരുടെ യഥാർത്ഥമായ ഉദ്ദേശ്യമെന്താണെന്ന് പ്രസ്തുത ലേഖനം സംശയത്തിന്നിടയില്ലാത്തവിധം വ്യക്തമാക്കുന്നുണ്ട്. യഥാർത്ഥത്തിൽ കമ്മ്യൂണിസത്തിന്നും കമ്മ്യൂണിസ്റ്റ്പാർട്ടിക്കും എതിരായിട്ടു മാത്രമല്ല, ഇന്ത്യയുടെ പഞ്ചവത്സരപദ്ധതിക്കും വിദേശനയത്തിന്നും ജനാധിപത്യവ്യവസ്ഥക്കും എതിരായിട്ടു കൂടിയാണ് അവർ സമരം നടത്തുന്നതു്. അമേരിക്കൻ സാമ്രാജ്യവാദികളുടെ പരിപാടിയുമായി അവിഭാജ്യമാംവിധം ബന്ധപ്പെട്ടുകൊണ്ടാണ് അതു നടത്തപ്പെടുന്നതു്. ഇന്ത്യയുടെ സ്വതന്ത്രമായ വിദേശനയത്തെയും സ്വതന്ത്രമായ സാമ്പത്തികപുരോഗതിയേയും എതിർക്കുകയും സാമ്രാജ്യവാദികളുടെ പിടി മുറുക്കുകയുംചെയ്യുക, ഇന്ത്യയെ പാക്കിസ്ഥാന്റെ മാർഗ്ഗത്തിലേക്കു നയിക്കുക —ഇതാണവരുടെ ഉദ്ദേശ്യം. കമ്മ്യൂണിസ്റ്റ് വിരോധം അതിന്നുള്ള മറ മാത്രമാണ്. കമ്മ്യൂണിസ്റ്റ് വിരോധത്തിന്റെ പേരിൽ ജനാധിപത്യത്തിന്റെ നേർക്കടിക്കുന്ന ആദ്യത്തെ അടി കൊളോണിയലിസത്തിലേക്കുള്ള പാതവെട്ടിത്തുറക്കലാണെന്ന് ചരിത്രം തെളിയിച്ചു കഴിഞ്ഞിട്ടുള്ളതാണ്.

ഈ ആപൽക്കരമായ പ്രവണതയെ ഇപ്പോഴേ തന്നെ നേരിട്ടില്ലെങ്കിൽ പിന്നീട് ദുഃഖിക്കേണ്ടിവരുമെന്ന് മുന്നറിയിപ്പു നൽകാൻ ഞങ്ങളാഗ്രഹിക്കുന്നു. ഇന്ത്യയെ പിന്നോട്ടു പിടിച്ചുവലിക്കാനുള്ള ഈ ഗൂഢാലോചനക്കെതിരായി ദേശാഭിമാനികളായ എല്ലാ ജനങ്ങളും ജാഗരൂകരായിരിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

(19-8-59) —കെ. ദാമോദരൻ


## നിങ്ങളുടെ ആരോഗ്യം

വർദ്ധിച്ച് യൗവനം നിലനില്ക്കുന്നതിന് സഹ്യാദ്രിസാനുപ്രദേശങ്ങളിൽ നിന്നും ലഭിക്കുന്ന ദിവ്യമൂലികകളുടെ സാരാംശത്തെ സമാഹരിച്ച് പ്രത്യേകരീതിയിൽ തയ്യാർ ചെയ്തിട്ടുള്ള ഞങ്ങളുടെ

# ച്യവനപ്രാശം ലേഹ്യം

ഉപയോഗിക്കുക. ഇതു് പ്രായഭേദമെന്യേ ഉപയോഗിക്കാവുന്നതും കാസശ്വാസം, മൂത്രാശയരോഗങ്ങൾ ഇവകളെ നശിപ്പിക്കുന്നതിന് ശക്തിയുള്ളതുമാകുന്നു. ദേഹബലം, ബുദ്ധിശക്തി, ഓർമ്മശക്തി, ഇവകളെ വർദ്ധിപ്പിക്കുകയുംചെയ്യും. സ്ത്രീകൾക്ക് പ്രസവരക്ഷക്കു സേവിപ്പാനും വളരെ വിശേഷമാകുന്നു. എല്ലാ ബ്രാഞ്ചുകളിലും ഹെഡ്ഡാഫീസിലും എപ്പോഴും തയ്യാറുണ്ടായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് എഴുതുക:

**ധന്വന്തരി വൈദ്യശാല, H.O. തൊടുപുഴ, കേരളാസ്റ്റേറ്റ്.**

തൊടുപുഴ ഫോൺ നമ്പർ 35. കോട്ടയം ഫോൺ നമ്പർ 486.
കോഴിക്കോട്ട് ഫോൺ നമ്പർ 766.

—ബ്രാഞ്ചുകൾ—

| | | |
|---|---|---|
| 1. ആലപ്പുഴ | 17. കോഴിക്കോട്ട് | 33. പാലക്കാട്ട് |
| 2. ആലുവാ | 18. കോട്ടയം | 54. മാവേലിക്കര |
| 3. ആററിങ്ങൽ | 19. ചങ്ങനാശ്ശേരി | 35. മുണ്ടക്കയം |
| 4. ഇടപ്പള്ളി | 20. ചെങ്ങന്നൂർ | 36. പുനലൂർ |
| 5. ഇരിങ്ങാലക്കുട | 21. ചേർത്തല | 37. പൂഞ്ഞാർ |
| 6. ഈരാററുപേട്ട | 22. തക്കല | 38. പെരുമ്പാവൂർ |
| 7. എറണാകുളം | 23. തിരുവനന്തപുരം | 39. പൊൻകുന്നം |
| 8. കായംകുളം | 24. തിരുവല്ലാ | 40. ബാംഗ്ലൂർ |
| 9. കാഞ്ഞാർ | 25. തൃപ്പൂണിത്തുറ | 41. മദ്രാസ് |
| 10. കിളിമാനൂർ | 26. തൃശ്ശൂർ | 42. വാഴക്കുളം |
| 11. ചേർത്തല | 27. തൊടുപുഴ | 43. പാലാ |
| 12. കൊട്ടാരക്കര | 28. നാഗർകോവിൽ | 44 പിറവം |
| 13. കൊച്ചി | 29. നെടുമങ്ങാട്ട് | 45. മൂവാററുപുഴ |
| 14. കൊല്ലം | 30. നെയ്യാററിൻകര | 46. മാർത്താണ്ഡം |
| 15. കോതമംഗലം | 31. പറവൂർ | 47. വൈക്കം |
| 16. കോയമ്പത്തൂർ | 32. പന്തളം | 48. കൊടുങ്ങല്ലൂർ |